Civil Procedure Code Amendment Bill.

Mr. K. Achyuta Menon.—Sir, I rise to move that the Civil Procedure Code Amendment Bill be taken up and passed.

Mr. C. J. Mathew.—I second it.

Motion put and carried.

Companies Regulation Amendment Bill.

Mr. K. Achyuta Menon.—I rise to move that the Companies Regulation Amendment Bill be taken up and passed.

Mr. C. J. Mathew.—I second it.

Motion put and carried.

Makkathayam Thiyya Bill.

Mr. K. Ayyappan.—Sir, I move for leave to introduce the Makkathayam Thiyya Bill.

Mr. Joseph Pettah.—I second it.

Motion put and carried.

Tenancy and Kudiyiruppu Bill.

Mr. T. A. Ramachandra Ayyar.—Sir, I move for leave to introduce the Tenancy and Kudiyiruppu Bill.

Mr. T. K. Nayar.—I second it.

Motion put and carried.

Resolutions:—1. Depressed classes meetings.

മിസ്റ്റർ കെ. പി. വള്ളോൻ.—എന്റെ നിശ്ചയം ഇവിടെ വായിയ്ക്കാം. "കൊച്ചി രാജ്യത്തിന്റെ നാനാഭാഗങ്ങളിലും ഏറ്റവും ദുഃഖിയജീവിതം നയിച്ചുപോരുന്ന അധഃകൃതരുടെ ഇടയിൽപോയി മീറ്റിംഗുകൾ വിളിച്ചുകൂട്ടി സാമുദായിക ബോധം ഉണ്ടാക്കുവാൻ വേണ്ടി നടക്കുന്നതിന് ഒരു അലവൻസ് കൊടുത്തു സഹായിക്കണമെന്ന് ഈ സഭ ഗവൺമെണ്ടിനോട് ശുപാർശ ചെയ്യുകൊള്ളുന്നു."

സാർ, അധഃകൃതരുടെയിടയിൽ അനവധി അനാചാരങ്ങളും, അന്ധവിശ്വാസങ്ങളും നിമിത്തം ശരിയായ വിധത്തിലുള്ള നടപടിക്രമങ്ങളില്ലാതെയാണിരിക്കുന്നത്. ഇപ്പോൾ ഗവൺമെണ്ടിൽനിന്നും അവർക്ക് പല സഹായങ്ങളും ചെയ്തു കൊടുത്തുകൊണ്ടിരിക്കുന്നുണ്ട്. എന്നാൽ അങ്ങനെ ചെയ്തുകൊടുക്കുന്ന സഹായങ്ങൾ സാമുദായികമായിട്ടുള്ളതല്ല. ഞാൻ തന്നെ പലസ്ഥലങ്ങളിലും ചെന്ന അധഃകൃത മീറ്റിംഗുകൾ വിളിച്ചുകൂട്ടുകയുണ്ടായിട്ടുണ്ട്; (ഹീയർ, ഹീയർ). അതുകൊണ്ടു സാധാരണയായി പല പ്പോഴും ധനസംബന്ധമായുള്ള ബുദ്ധിമുട്ടുകൾ നേരിട്ടിട്ടുമുണ്ട്. ഇങ്ങനെ ആരെങ്കിലും സാമുദായികമായ കാര്യങ്ങൾക്കുവേണ്ടി ഇറങ്ങി പ്രവൃത്തിക്കുന്നുണ്ടെങ്കിൽ അവർക്ക് പണസംബന്ധമായ വിഷ

LIBRARY ARCHIVES Kerala Legislative Assembly

മതകർമ്മം നേരിട്ടുകൊണ്ടിരിക്കുന്നുണ്ട്. അങ്ങിനെ ബുദ്ധിമുട്ട് അനുഭവിക്കുന്നവരെ ഗവർമ്മെണ്ടിൽനിന്നും സഹായിക്കണമെന്നപേക്ഷിക്കുവാനാണ് ഞാൻ ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ളത്. അനാചാരങ്ങളാലും അന്ധവിശ്വാസങ്ങളാലും സാമുദായിക ബോധം എന്തെന്നറിയുവാൻ പോലും കഴിവില്ലാത്ത ഈ അധഃകൃതരുടെയിടയിൽ കൂടക്കൂടെ ചെന്നു ഓരോ മീറ്റിംഗുകൾ വിളിച്ചുകൂട്ടി അവരെ സാമുദായികമായുള്ള കാര്യങ്ങളെ പറഞ്ഞു മനസ്സിലാക്കിക്കൊണ്ടിരുന്നാൽ മാറാവുള്ളതെല്ലാം കാലക്രമംകൊണ്ടു വന്നുചേരുന്നതാണ്. അവരുടെ പൂർവ്വികന്മാർ ആചരിച്ചു വന്നിരുന്നതായ പലതും അവർ ഇപ്പോൾ മറന്നു കഴിഞ്ഞിട്ടുണ്ട്. അതിനാൽ ഈ വിഷയത്തിൽ ഗവർമ്മെണ്ടിന്റെ സഹായമുണ്ടായിരുന്നാൽ മറന്നുപോയതിനെ വീണ്ടും അവർക്കുപദേശിച്ചുകൊടുത്ത് കുറെകാലം കൊണ്ടെങ്കിലും അവരെ സാമുദായിക ബോധമുള്ളവരാക്കി തീർക്കുവാൻ കഴിയുന്നതാണ്. അതിനാൽ ഈ നിശ്ചയത്തെ ഗവർമ്മെണ്ടു സ്വീകരിച്ചു വേണ്ടതു പ്രവൃത്തിക്കണമെന്നപേക്ഷിക്കുന്നു.

മിസ്റ്റർ എം. എ. ചാക്കോ.—ഞാൻ ഈ നിശ്ചയത്തെ ബലമായിപിൻതാങ്ങുന്നു. അതിലേയ്ക്കുള്ള കാരണങ്ങളെ ചുരുക്കത്തിൽ പറയാം. ഈനാട്ടിൽ ഉള്ള ജനങ്ങളുടെയിടയിൽ പരിഷ്കാരരീതിയിലുള്ള അഭിപ്രായങ്ങളും ആശയങ്ങളും വളർത്തുന്നതിനും വർദ്ധിപ്പിയ്ക്കുന്നതിനുംവേണ്ടി പല ഏർപ്പാടുകളും ചെയ്തിട്ടുള്ളതിൽ ഒന്നുവായനശാലയാണ്. ഈ അടുത്തകാലത്തുതന്നെ ഓരോരൊ സ്ഥലങ്ങളിൽ അവിടവിടെയുള്ള വിദ്യാലയങ്ങളുടെ ആധീനത്തിൽ ചില വായനശാലകൾ ഏർപ്പെടുത്തീട്ടുണ്ട്. അതിലേയ്ക്ക് പത്രങ്ങളും പുസ്തകങ്ങളും മാസം വരുത്തുന്നതിനായിട്ട് ഗവർമ്മെണ്ടിൽനിന്നും ധനസഹായം ചെയ്തുവരുന്നതായും അറിയുന്നുണ്ട്. എന്നാൽ ആ വിധത്തിലുള്ള ശ്രമങ്ങൾ ഇപ്പോൾ, എനിയ്ക്കു മുമ്പു, സംസാരിച്ച ബഹുമാനപ്പെട്ട മെമ്പർ പ്രസ്താവിച്ചിട്ടുള്ള ജനങ്ങളെ സ്പർശിയ്ക്കുമെന്നു തോന്നുന്നില്ല. വായനശാല അവർക്കു വലിയ വിദൂരമായ ഒരു സ്ഥിതിയിലാണ് സാമാന്യമായി എപ്പോഴും ഇരിയ്ക്കുന്നതു. വായനശാലയ്ക്കടുത്തു ചെല്ലുന്നതിനുതന്നെയും അവർക്കു സമയമൊ, സാവകാശമൊ, സാമാന്യമായ അർഹതയൊ ഇല്ലാത്തതുകൊണ്ട് അതു എളുപ്പമാണെന്നു തോന്നുന്നില്ല. ആ സ്ഥിതിക്കു ഇപ്പോൾ ഈവക സംഗതികൾ അവരുടെ മനസ്സിൽ ബോദ്ധ്യം വരുത്തണമെങ്കിൽ പത്രങ്ങൾ മുഖേനയൊ, പുസ്തകങ്ങൾ മുഖേനയൊ സാധിയ്ക്കാവുന്നതല്ല. എന്നാൽ അതു് അവരുടെ ചെവിയിൽ കേൾപ്പിക്കത്തക്കവണ്ണം ആരെങ്കിലും അവരെ വിളിച്ചുകൂട്ടി പ്രസംഗിയ്ക്കുകയും, സംസാരിയ്ക്കുകയും ചെയ്യുന്നതിനുള്ള അവസരം ഉണ്ടാക്കി കൊടുക്കേണ്ടതു് അത്യാവശ്യമായിട്ടുള്ളതാണു്. ഓരോരുത്തർ ആളാന്ത്രതിചെന്നുകണ്ടു് ഉപ

LIBRARY ARCHIVES Kerala Legislative Assembly

ഭേദംകൊണ്ടു അവരുടെ ഉന്നമനം നടത്തുവാൻ വളരെ സമയം വേണ്ടിവരുമെന്നുള്ളതുകൊണ്ടു്, പൊതുവായ ഒരു സ്ഥലത്തു് സാമാന്യം വളരെ ആളുകളെകൊണ്ടുവന്നു് അവക്കു് ഈവകസംഗതികളിൽ ഒരു ജ്ഞാനം ഉണ്ടാകത്തക്കവണ്ണം പറഞ്ഞുകൊടുക്കുവാനുള്ള സന്ദർഭങ്ങൾ ഉണ്ടാക്കേണ്ടതാണു്. അങ്ങിനെയുള്ള സന്ദർഭങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി ഗവമ്മെണ്ടിൽനിന്നും സഹായംചെയ്തുകൊടുക്കണമെന്നാണു് ബഹുമാനപ്പെട്ട മെമ്പർ ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തിന്റെ താല്പര്യം. അങ്ങിനെയുള്ള സഹായം ചെയ്തുകൊടുക്കുന്നതിനു്, മറുള്ള ജനങ്ങൾക്കു് ഗവമ്മെണ്ടിൽനിന്നും ലൈബ്രറിമൂലമൊ പുസ്തകശാലകൾമൂലമൊ സമ്പാദിച്ചു കൊടുക്കുന്നതായിട്ടുള്ള സഹായം, വേറെ ഒരു രൂപത്തിൽ യോഗങ്ങൾ വിളിച്ചുകൂട്ടി പ്രസംഗങ്ങൾ നടത്തിയിട്ടൊ, അല്ലെങ്കിൽ വേറെ ഏതുവിധത്തിലെങ്കിലുമോ അതു് അതുടെ ചെവിയിൽ കേൾപ്പിച്ചു് അവരുടെ മനസ്സിനു് ഒരു വികാസം ഉണ്ടാകത്തക്കവിധത്തിൽ പ്രവൃത്തിയ്ക്കുന്നതിനു് ഗവമ്മെണ്ടിൽനിന്നും എന്തെങ്കിലും സഹായംചെയ്തുകൊടുക്കണമെന്നുള്ള അപേക്ഷ ശരിയായിട്ടുള്ളതാണു്. ഇതു് ഗവമ്മെണ്ടിനു് സമ്മതമായിട്ടുള്ള ഒന്നാകയാൽ ഞാൻ ഇതിനെ പിൻതാങ്ങുന്നതാണു്.

മിസ്റ്റർ കെ. അയ്യപ്പൻ.—"സഹായിയ്ക്കണം" എന്നുള്ളതിനെ മാറ്റി "ഒരു അധ്യക്ഷനെ നിയമിക്കണം" എന്നാക്കണം. ഇതാണു് ഞാൻ കൊണ്ടുവന്നിട്ടുള്ള ഭേദഗതി. അതായതു്: കൊച്ചീരാജ്യത്തിന്റെ നാനാഭാഗങ്ങളിലും ഏറ്റവും മൂഢീയജീവിതം നയിച്ചുപോരുന്ന അധ്യക്ഷന്മാരുടെയിടയിൽ പോയി മിറർഗ്രന്ഥകം വിളിച്ചുകൂട്ടി സാമുദായികബോധമുണ്ടാക്കുവാൻവേണ്ടി നടക്കുന്നതിനു് ഒരു അലവൻസ്സുകൊടുത്തു് ഒരു അധ്യക്ഷനെ നിയമിയ്ക്കണമെന്നു് ഈസഭ ഗവമ്മെണ്ടിനോടു ശുപാർശ്ശചെയ്യുന്നു

ഡപ്യൂട്ടി പ്രസിഡെണ്ടു.—ഈ ഭേദഗതി സ്വീകരിയ്ക്കുന്നതിൽ എന്തെങ്കിലും എതിരുണ്ടൊ?

മിസ്റ്റർ കെ. പി. വള്ളോൻ.—വല്ല അധ്യക്ഷനേയും നിയമിച്ചാൽപോര. അധ്യക്ഷന്മാരിൽ യോഗ്യതയുള്ളവരെ നിയമിയ്ക്കണം.

മിസ്റ്റർ കെ. അയ്യപ്പൻ.—ഞാൻ ഈ ഭേദഗതി കൊണ്ടുവന്നതു് ഈ നിശ്ചയത്തെ ഒന്നുകൂടി വ്യക്തമാക്കുവാനായിട്ടാണു്. ഈ നിയമനവും മറുവല്ലവക്കുമാകരുതെന്നുംകൂടി കരുതിയാണു്. സാധാരണ അധ്യക്ഷക്കു കൊടുക്കാനുള്ളതു മറുള്ളവക്കും കൊടുക്കുന്നുവെന്നുള്ള പരാതി ഇതിലും വരാതിരിയ്ക്കണമെന്നുമാത്രമെ ഞാൻ ഈ ഭേദഗതികൊണ്ടു വ്യക്തമാക്കുന്നുള്ളു. അധ്യക്ഷക്കു തൃപ്തിയുള്ള ആളുകളെവയ്ക്കുന്നകാര്യത്തിൽ എന്റെ ഭേദഗതി ബാധകവുമല്ല. ഞാൻ ഈ ഭേദഗതി ഹാജരാക്കുന്നതോടുകൂടി ഈ പ്രമേയത്തെ ശക്തിയായി അനുകൂലിയ്ക്കുയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അധഃകൃതരുടെ ഇടയിൽ ഈ നിശ്ചയത്തിൽ പറയുന്നമാതിരി വേലക്കു ആളുകൾ ഉണ്ടായിരിക്കുന്നതു വളരെ പ്രയോജനകരമായിരിക്കും. അതു് അധഃകൃതരായ ആളുകൾതന്നെയായിരിക്കണം. മറ്റുള്ളവർ ഈവേലക്കുപോയാൽ അവർ അധഃകൃതക്കു കൊടുക്കുന്നതു് അധഃകൃതരുടെ ഗുണത്തിനുള്ള ആടർങ്ങളായിരിക്കുമെന്നുവരികയില്ല. അവർ തങ്ങളുടെ സമുദായങ്ങൾക്കു ഗുണകരമായ വഴിക്കായിരിക്കും അധഃകൃതരെ തിരിച്ചുകൊണ്ടുപോകുന്നതു്. അധഃകൃതരിൽ ഈവക വേലക്കു യോഗ്യതയുള്ളവർ ഉണ്ടു്. പക്ഷെ ഈ വേലക്കു നടക്കാൻ ധനസ്ഥിതിയില്ലാത്തതുകൊണ്ടു അവക്കു സാധിക്കാതെവരുന്നു. ആ വിഷമം പരിഹരിക്കാനാണു് ഈ നിശ്ചയം ആവശ്യപ്പെടുന്നതു്.

മിസ്റ്റർ ടി. കെ. നായർ.—ഞാൻ ഈ ഭേദഗതിയോടുകൂടി നിശ്ചയത്തെ അനുകൂലിയ്ക്കുന്നു. ഇതിനെസംബന്ധിച്ചു് ഇവിടെ വലിയ പ്രസംഗമൊന്നും ചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഗവമ്മെണ്ടിൽനിന്നും അധഃകൃത ഡിപ്പാർട്ടുമെണ്ടിലേയ്ക്കു് അനവധിപണം കൊല്ലംതോറും അനുവദിച്ചുകൊടുക്കുന്നുണ്ടു്. അതു പലവഴികളിലായിട്ടു ചിലവായി പോകുന്നുമുണ്ടു്. എന്നാൽ ഈ പ്രമേയം ഇതിന്റെ അവതാരകൻ കൊണ്ടുവന്നപോലെതന്നെ ആയിരുന്നുവെങ്കിൽ മുമ്പു് അധഃകൃത ഡിപ്പാർട്ടുമെണ്ടിൽ ചെയ്തതായികേട്ട നിയമനങ്ങളെപ്പോലെ ഇതിലും കേറിപ്പറ്റാനിടവരുമായിരുന്നു. ഇതിനു ഇങ്ങിനെ ഒരു ഭേദഗതിക്കുടെ വന്നപ്പോൾ "അധഃകൃതക്കുവേണ്ടി ചിലവിടുവാനായി അനുവദിച്ചിട്ടുള്ള സംഖ്യ അധഃകൃതക്കുതന്നെ ചിലവാക്കേണ്ടിവരുന്നില്ലൊ, മുമ്പിലത്തെപോലെ പ്രവൃത്തിയ്ക്കുവാൻ നിവൃത്തിയില്ലെല്ലൊ, എങ്ങിനെയാണു് അതു് അവക്കു കൊടുക്കുക" എന്നൊരുപക്ഷേ സംശയിച്ചേയ്ക്കാം. ഈ ഭേദഗതികൊണ്ടു് ഇങ്ങിനെ ഒരൊറ്റ വിഷമംമാത്രം തോന്നുമായിരിക്കാം. അവതാരകന്റെ നിശ്ചയപ്രകാരമാണെങ്കിൽ അലവൻസു കൊടുത്താൽമതി. ആക്കായാലും വിരോധമില്ല. അങ്ങിനെയായാൽ കായ്യം നന്നായി, അതു സന്തോഷം ഗവമ്മെണ്ടിനുണ്ടാവാൻ ഞങ്ങൾ സമ്മതിക്കുന്നതല്ല. ആ ഒരൊറ്റ ഉദ്ദേശംകൊണ്ടുതന്നെയാണു് ഞാൻ ഇതിനെ പിൻതാങ്ങുന്നതു്. അവക്കുള്ള പണം ന്യായമായി അവക്കുവേണ്ടി ചിലവാക്കുകയും അവരെ നന്നാക്കുവാൻ ശ്രമിയ്ക്കുകയും ചെയ്യേണ്ടതു് ഗവമ്മെണ്ടിന്റെ മുമതലയാണു്. ഇങ്ങിനെ ഒരു നിയമനംകൂടിയുണ്ടായാൽ അതുകൊണ്ടു് വളരെ ഗുണം അധഃകൃതക്കുണ്ടുമെന്നാണു് എന്റെ വിശ്വാസം. മീറ്റിങ്ങു കൂടിയൊ അവരുടെ ഇടയിൽ എല്ലായ്പോഴും പെരുമാറി വേണ്ടതായ ഉപദേശം കൊടുത്തൊ അവരെ ഇപ്പോഴത്തെ സ്ഥിതിയിൽനിന്നും ഉയർത്തിക്കൊണ്ടുവരേണ്ടതു് അത്യാവശ്യമാണു്. അതിലേക്കു് അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

കൂട്ടത്തിൽപെട്ട ഒരാളായാൽ അടുത്തു് പെരുമാറുന്നതിനും അവരിൽ വിശ്വാസം ജനിപ്പിക്കുന്നതതിനും എളുപ്പമുള്ളതിനാൽ ഈ കാര്യത്തിൽ ഗവമ്മെണ്ടു് ദയവായി ആലോചിച്ചു് അനുകൂലിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മിസ്റ്റർ പി. എസ്സു്. കേശവൻനമ്പൂതിരി.—ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു. ഭേദഗതി കൂടാതെ തന്നെ ഈ പ്രമേയം പാസാക്കുന്നതായാൽ അധികം നന്നായിരിയ്ക്കുമെന്നാണു് എനിയ്ക്കു തോന്നുന്നതു്. ഈ ജോലിക്കു് ഒരാളെ തന്നെ നിയമിയ്ക്കുകയെന്നു വരുമ്പോൾ ഈ കൊച്ചി സംസ്ഥാനത്തിലുള്ള പുലയകാളനികളിലെല്ലാം ആ ആളു തന്നെ പോയി സഭ വിളിച്ചുകൂട്ടി പ്രസംഗിച്ചു നടക്കുന്നതായാൽ അയാൾ വളരെ ബുദ്ധിമുട്ടനുഭവിയ്ക്കുവാനിടവരും. അതിനു പകരം താലൂക്കു തോറും ഓരോ ആളു വീതമൊ മറ്റൊ നാലഞ്ചാളുകളെ വച്ചിട്ടു് അവക്കു് ഒരു മുതുങ്ങിയ അലവൻസും കൊടുക്കുന്ന പക്ഷം കൂടുതൽ ചിലവിനൊന്നും ഇടവരികയില്ല എന്നാണു് തോന്നുന്നതു. അങ്ങിനെ നിയമിയ്ക്കപ്പെടുന്നവർ അധഃകൃതർ തന്നെ ആയിരിയ്ക്കയും വേണം. എന്നാൽ ഒരാൾ മാത്രമായാൽ വരാവുന്ന ബുദ്ധിമുട്ടിനും, കഷ്ടപ്പാടിനും കുറവുണ്ടാകും. അഞ്ചൊ, ആറൊ പേരെ നിയമിച്ചു് അവരവക്കിടുത്ത സ്ഥലങ്ങളിൽ ഈ വക ജോലികളും ചെയ്യുവാനേല്പിച്ചു കഴിഞ്ഞാൽ അവക്കു ദൂരസ്ഥലങ്ങളിലേയ്ക്കൊന്നും പോകേണ്ടി വരുന്നതല്ല. ഇപ്പോൾ അധഃകൃതകോളനികളിൽ നിശ്ചയിച്ചിട്ടുള്ള വാർഡന്മാരെ മുഴുവനും ഇല്ലാതാക്കി അവരുടെ പ്രവൃത്തികൂടി ഈ അഞ്ചാറു പേർക്കു് കൊടുത്താൽ ഇതിലുമധികം ഗുണകരമായ വിധത്തിൽ അധഃകൃതരെ ഉന്നമിപ്പിയ്ക്കുവാൻ ഗവമ്മെണ്ടിനു കഴിയുന്നതാണു്. അതുകൊണ്ടു ഈ പ്രമേയം ഭേദഗതിയുമില്ലാതെ തന്നെ പാസാക്കുന്നതാണു് നല്ലതു് എന്നാണു് എന്റെ അഭിപ്രായം.

മിസ്റ്റർ എ. ശങ്കരപുത്രവാര്യർ.—ഈ പ്രമേയത്തെ ഭേദഗതിയോടു കൂടി ഞാൻ പിൻതാങ്ങുന്നു. പ്രമേയത്തിന്റെ സ്വഭാവം നോക്കിയാൽ തന്നെ എന്താണു് അതിന്റെ ഉദ്ദേശമെന്നുള്ളതു വ്യക്തമാണു്. അധഃകൃതരുടെ ഉൽഗതിയ്ക്കു വേണ്ടി പ്രചരണവേല നടത്തുന്നതു ഗുണകരമായിട്ടുള്ളതാകുന്നു. അതുകൊണ്ടു ധാരാളം ഗുണമുണ്ടാകുമെന്നുള്ളതു് അനുഭവവുമാണു്. ഇപ്പോൾ അധഃകൃതക്കു വേണ്ടി വച്ചിട്ടുള്ള ഡിപ്രാട്ട്മെണ്ടിലെ സംരക്ഷകൻ തന്നെ പല യോഗങ്ങളും വിളിച്ചുകൂട്ടുവാൻ തുടങ്ങീട്ടുണ്ടു്. അടുത്തു തന്നെ നടന്ന ഒരു യോഗത്തിൽ ഇപ്പോഴത്തെ ആക്ടിങ്ങ് ദിവാൻജി അവർകൾ സഭാദ്ധ്യക്ഷനായിരുന്നിട്ടുണ്ടു്. ഒരു യോഗത്തിൽ ഡാക്ടർ എ. ആർ. മേനോനും പിന്നെ ഒരു യോഗത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ഐ. എൻ. മേനോനും ഇങ്ങിനെ പലരും സഭാദ്ധ്യക്ഷന്മാരായിരുന്നിട്ടുണ്ട്. ഈ സ്ഥിതിയ്ക്ക് ഇനിയും പ്രചരണവേലകൾ തുടർന്നു ചെയ്യേണ്ടതു് ആവശ്യമാണ്. സാമുദായികവും രാഷ്ട്രീയവുമായുള്ള ഒരു പരിഷ്കരിച്ച മനോഗതിയെ അവരിൽ വരുത്തി അവരുടെ ഇപ്പോഴത്തെ അവസ്ഥയെ ഭേദപ്പെടുത്തുകയും അവരെ അടിമത്വത്തിൽ നിന്നും ഉയർത്തുവാനുള്ള ആത്മബോധം ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യേണ്ടതു് ഏറ്റവും അത്യാവശ്യമായിട്ടുള്ളതാണ്. അധഃകൃതരുടെ സംരക്ഷണത്തിനു വേണ്ടി ഒരു ഡിപ്പാർട്ട്മെണ്ടു് ഏർപ്പെടുത്തീട്ടു കുറെ കൊല്ലമായി. എന്നാൽ ഡിപ്പാർട്ട്മെണ്ടു് മുഖാന്തിരമായി നടത്തീട്ടുള്ള പ്രചരണവേലകൾ എന്തെല്ലാമാണെന്നുള്ളതു് റിക്കാർട്ടിൽ കാണുമെന്നല്ലാതെ വിശേഷിച്ചു യാതൊരു പ്രയോജനവും അവർക്കു സിദ്ധിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. അഥവാ വല്ല പ്രചരണവേലയും നടത്തിട്ടുണ്ടെങ്കിൽ തന്നെയും അതു് ഗണ്യമായ വിധത്തിൽ വന്നിട്ടുള്ളതായി അനുഭവത്തിൽ കാണുവാൻ കഴിഞ്ഞിട്ടില്ല. ഈ സദുദ്ദേശം നടത്തുവാൻ വേണ്ടി ഒരു അധഃകൃതനെ നിയമിയ്ക്കുന്നതു് ആവശ്യമായിട്ടുള്ളതാണ്. ഇത്രയും പറഞ്ഞുകൊണ്ടു ഭേദഗതിയോടു കൂടിയ പ്രമേയത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു.

മിസ്റ്റർ ജോസഫ് പെട്ട —ഇതിനെ സംബന്ധിച്ചു് അധഃകൃതസംരക്ഷകൻ എന്തെങ്കിലും റിപ്പോർട്ടുകൾ അയച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതിനു് എന്തെങ്കിലും മറുപടി കൊടുത്തിട്ടുണ്ടോ എന്നും അറിഞ്ഞാൽ കൊള്ളാം.

രാമവർമ്മതമ്പുരാൻ.—ഗവർമ്മെണ്ടിലേയ്ക്കു് ഈ റസല്യൂഷൻ കിട്ടിയ ഉടൻ തന്നെ അതു് പ്രൊട്ടക്ടർക്കയച്ചുകൊടുക്കുകയും അദ്ദേഹത്തിന്റെ പക്കൽ നിന്നും റിക്കാർട്ടുകൾ വരുത്തുകയും ചെയ്തുണ്ടായി. ഗവർമ്മെണ്ടു് ഈ കാര്യത്തെ പറ്റി നല്ലപോലെ ആലോചിച്ചതിൽ അധഃകൃതരുടെ ഉന്നമനത്തിനു വേണ്ടി ഒരു ഡിപ്പാർട്ട്മെണ്ടു് ഏർപ്പെടുത്തി. അതിൽ ഒരു പ്രൊട്ടക്ടരെ നിയമിച്ചിട്ടുണ്ടു്; കോ ഓപ്പറേറ്റീവു് ഇൻസ്പെക്ടരെ വെച്ചിട്ടുണ്ടു്; ലേബർ ഇൻസ്പെക്ടരെ വെച്ചിട്ടുണ്ടു്; ഇങ്ങിനെ മൂന്നു പേരെ വെച്ചിട്ടുണ്ടു്. അവർക്കു വേണ്ട സഹായങ്ങളും ഗവർമ്മെണ്ടിൽ നിന്നും ചെയ്തുകൊടുക്കുന്നുമുണ്ടു്. പിന്നെ ഈ മീറ്റിംഗു കൂടേണ്ടതിനായിട്ടു മാത്രം പ്രത്യേകിച്ചു് ഒരു ആഫീസരെ വയ്ക്കണമെന്നു് ഗവർമ്മെണ്ടിനു് തോന്നുന്നില്ല. അതുകൊണ്ടു ഈ ആളുകളെ കൊണ്ടു കഴിയ്ക്കാമെന്നുള്ളതെയുള്ളു. ഈ മൂന്നുപേർക്കും പുറമെ മീറ്റിംഗു കൂടേണ്ടതിനായിട്ടു മാത്രം പ്രത്യേകിച്ചു് ഒരാളെ വെച്ചാൽ ആ ഒരാളുടെ ഉത്സാഹം കൊണ്ടു് എന്തെങ്കിലും ഗുണം അധഃകൃതർക്കുണ്ടാകുമോ എന്നു കൂടി ഗവർമ്മെണ്ടിനു സംശയമായിട്ടാണിരിയ്ക്കുന്നതു്. ഏതായാലും ഇപ്പോൾ ഈ വിധത്തിൽ ആഫീസരെ വയ്ക്കുവാനാവശ്യമുണ്ടെന്നു ഗവർമ്മെണ്ടിനു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ.—പ്രൊട്ടക്ടർ ഇതുവരെ എത്ര മീറ്റിംഗുകൾ വിളിച്ചുകൂട്ടീട്ടുണ്ട്?

രാമവർമ്മതമ്പുരാൻ.—Last Quarter-ൽ 9 മീറ്റിംഗുകളുണ്ടായിരുന്നുവെന്നു റിപ്പോർട്ടുണ്ട്.

മിസ്റ്റർ കെ. അയ്യപ്പൻ —അതു ജനങ്ങൾ ആയിട്ടു വിളിച്ചുകൂട്ടിയതൊ പ്രൊട്ടക്ടരുടെ ശ്രമത്തിൽ വിളിച്ചുകൂട്ടിയതൊ?

രാമവർമ്മതമ്പുരാൻ.—പ്രൊട്ടക്ടരുടേയും മറ്റുള്ളവരുടേയും ഉത്സാഹം കൂടി ഉണ്ടായിരിയ്ക്കും.

മിസ്റ്റർ ജോസഫ് പെട്ട.—ഞാൻ ഈ പ്രമേയത്തെ അമെൻഡ്മെന്റോടുകൂടി ബലമായി അനുകൂലിക്കുന്നു. ഗവർമ്മെണ്ടിന്റെ മുപടിയിൽനിന്നും കാണുന്നതു് ഇതിലേക്കു് പ്രത്യേകം ഒരു ഡിപ്പാർട്ട്മെന്റു് വച്ചിട്ടുണ്ടു്, അതിൽ അവരുടെ ഉന്നമനത്തിനുവേണ്ടിയുള്ള ജോലികൾ നടത്തുകയും ചെയ്യുന്നുണ്ടു; അതുകൊണ്ടു കൂടുതലായിട്ടൊന്നും ചെയ്തുകൊടുക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല, എന്നാണു്. എന്നാൽ ഗവർമ്മെണ്ടിലെ ഒരു ഡിപ്പാർട്ട്മെണ്ടുദ്യോഗസ്ഥൻ ചെയ്യുന്നതും അനുദ്യോഗസ്ഥനായ ഒരു അധ്യക്ഷൻ ചെയ്യുന്നതും തമ്മിൽ വളരെ വ്യത്യാസമുണ്ടെന്നാണു് ഇതിനെ സംബന്ധിച്ചു് എനിക്കുള്ള അഭിപ്രായം. ഗവർമ്മെണ്ടു് ഈ ഡിപ്പാർട്ട്മെണ്ടുകൊണ്ടു് അധ്യക്ഷൻ ചെയ്യുന്നതിൽ പലതും സാധിച്ചുകൊടുക്കുന്നുണ്ടെന്നുള്ളതു ശരിതന്നെ. അവർക്കു് കാളനികൾ, സ്കൂളുകൾ, ഭജനമഠങ്ങൾ, കുളങ്ങൾ, കിണറുകൾ മുതലായുള്ള പലതും ചെയ്തുകൊടുത്തിട്ടുണ്ടു്. എന്നാൽ അധ്യക്ഷന്റെ ഔദ്യോഗികത്തിനു് ഏറ്റവും അത്യാവശ്യമായ ഒരു സംഗതി ഇതിനുമുമ്പു തന്നെ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ള ഒന്നാണു്. അതായതു്, അവരുടെയിടയിൽ മീറ്റിംഗുകൾ വിളിച്ചുകൂട്ടി പ്രസംഗിച്ചു അവരിലും സാമുദായികബോധം ഉണർത്തുക എന്നുള്ളതാണു്. അങ്ങിനെയുള്ള ചില സ്ഥാപനങ്ങൾ കൂടി അവർക്കുണ്ടായാൽ മാത്രമേ അവരിൽ ഉൽകൃഷ്ടം സാധിക്കയുള്ളു. അതില്ലാതെ ഗവർമ്മെണ്ടിൽനിന്നോ ഉദാരമതികളായ പൊതു ജനങ്ങളിൽനിന്നോ എന്തെങ്കിലും സഹായം അവർക്കു കിട്ടിയാലും സ്വയാശ്രയബുദ്ധി അവരിൽ അങ്കുരിച്ചിട്ടില്ലാത്ത കാലത്തോളം കായ്മായ യാതൊരു ഉൽകൃഷ്ടതയും ഉണ്ടാകുവാൻ തരമില്ല! അങ്ങിനെയുള്ള സാമുദായികബോധം അവരിൽ ഉണ്ടാക്കി തീർക്കണമെങ്കിൽ യോഗങ്ങൾ വിളിച്ചുകൂട്ടി നല്ല നല്ല ആശയങ്ങളെ അവരുടെയിടയിൽ കടത്തിവിടുകയാണു് വേണ്ടതു്. ആശയങ്ങൾ, സ്ഥാപനങ്ങൾ പൊതുജനാഭിപ്രായങ്ങൾ എന്നിവയാണു് സമുദായോൽക്കർഷത്തിൽ പ്രധാനമായി വേണ്ടതു്. ഏതാനും മീറ്റിംഗുകൾ വിളിച്ചുകൂട്ടുകയുണ്ടായി എന്നു ഗവർമ്മെണ്ടു് ഭാഗത്തുനിന്നും പറഞ്ഞു. ഇന്നു മറ്റു സമുദായങ്ങളിലെ ആളുകളിൽ കാണുന്ന ഈ ഗുണങ്ങൾ ഇത്തരം

LIBRARY ARCHIVES Kerala Legislative Assembly

മീറ്റിംഗുകളിൽനിന്നും ഉണ്ടായിട്ടുള്ളതാണ്. അതുപോലെ ഇവക്കും മീറ്റിംഗുകൾ അത്യാവശ്യമായിട്ടുള്ളതാകുന്നു. ബഹുമാനപ്പെട്ട മറ്റൊരു മെമ്പർ പറഞ്ഞതുപോലെ ഓരോരുത്തരേയും അവിടവിടെയായി ചെന്നുകണ്ടു ഉപദേശിക്കുവാൻ സാധിക്കുകയില്ല. പൊതുവായുള്ള ഒരു സ്ഥലത്തു എല്ലാവരേയും വിളിച്ചുകൂട്ടുവാനേ സാധിക്കയുള്ളൂ. എന്നാൽ അതിനുള്ള പ്രാപ്തിയോ, കഴിവോ, വാസനയോ അധഃകൃതർക്കില്ല. അങ്ങനെ വാസനയും, കഴിവും അവരിൽ ഉണ്ടായി തീരുന്നതുവരെ ആ വാസന അവരിൽ കുടത്തി വിടേണ്ടതാണ്. ചുരുക്കി പറഞ്ഞാൽ മനുഷ്യരുടെ ഉൽകൃഷ്ടതക്കാവശ്യമുള്ള എന്തെല്ലാമുണ്ടോ അതെല്ലാം അവരിൽ കുടത്തി വിടേണ്ടതാണ്". അതുകൊണ്ടു മാത്രമേ അവർ ഉൽകൃഷ്ടരായി ഭവിക്കയുള്ളൂ. അതിലേക്കാണ് ഈ പ്രചരണവേല ചെയ്യണമെന്നു ആവശ്യപ്പെടുന്നതിന്റെ ഉദ്ദേശം. അതിനു മീറ്റിംഗുകൾ സർവ്വത്ര ഉണ്ടായിരിക്കേണ്ടതു് ആവശ്യമാണ്. അതിലേക്കു് ഡിപ്രാട്ട്മെണ്ടിൽനിന്നും വേണ്ട സഹായങ്ങൾ ചെയ്യുന്നുണ്ടു്. അങ്ങു മീറ്റിംഗുകൾ വരെ വിളിച്ചുകൂട്ടുകയുണ്ടായി എന്നു പറഞ്ഞു. അതിലേക്കു് വേണ്ടുന്ന സഹായങ്ങളെല്ലാം ചെയ്തുകൊടുത്തിട്ടുള്ളതു് അനുദ്യോഗസ്ഥന്മാരാണെന്നാണ് എന്റെ അറിവു്. ഡിപ്രാട്ട്മെണ്ടിൽനിന്നു കെട്ടിടമോ, കസേരയോ, മേശയോ, ബെഞ്ചോ മാത്രമേ കൊടുത്തിരിക്കയുള്ളൂ. ഇങ്ങനെ ഓരോ സ്ഥലങ്ങളിലും ചെന്നു യോഗങ്ങൾ വിളിച്ചുകൂട്ടി സാമുദായിക ബോധം ഉണ്ടാക്കുവാൻ വേണ്ടി അതിലിറങ്ങി പ്രവൃത്തിക്കുവാൻ സന്നദ്ധരായ ഏതാനും ആളുകൾ ഉണ്ടായിരിക്കേണ്ടതു് ആവശ്യമാണ്. ഒരു ബഹുമാനപ്പെട്ട മെമ്പർ താലൂക്കുതോറും ഓരോരുത്തരെ നിയമിക്കണമെന്നു പറയുകയുണ്ടായി. അങ്ങനെ ചെയ്യുന്നപക്ഷം അതും വളരെ നല്ലതാണ്. അതിലേക്കു് ഗവർമ്മെണ്ടിനു് സന്നദ്ധതയില്ലെങ്കിൽ ഒരുത്തനായാലും മതിയെന്നുള്ള അഭിപ്രായത്തോടു് ഞാൻ യോജിക്കുന്നു. ഇതിനു് വലുതായ പണച്ചിലവൊന്നും ആവശ്യമില്ല. എന്നാൽ മീറ്റിംഗുകൾക്കു് വളരെ ഒക്കെ പണച്ചിലവുണ്ടാകും എന്നു ഗവർമ്മെണ്ടു് പറയുമായിരിക്കാം. ഏതെല്ലാം സൌകര്യങ്ങൾ ഗവർമ്മെണ്ടിൽനിന്നും അധഃകൃതർക്കു ചെയ്തുകൊടുത്തിരുന്നാലും ഈ കായ്ത്തിലേക്കു വേണ്ടിവരുന്ന തുക സൌജന്യമായിട്ടു കൊടുക്കേണ്ടിവന്നാൽപോലും അനുവദിച്ചു കൊടുക്കേണ്ടതാണ്. ഏതാനും പണം ഇതിനു് ആവശ്യമാണ്. യാത്രച്ചിലവു്, ഭക്ഷണച്ചിലവു്, നോട്ടീസു —പരസ്യം ചെയ്യേണ്ടിവരും— ഇങ്ങനെയുള്ള പലചിലവുകളുമുണ്ടു്. ഇതെല്ലാം പൊതുക്കായ്പ്പു പ്രസക്തിയുള്ളവർക്കു കയ്യിൽനിന്നും ചിലവാടേണ്ടി വരുകയാണെങ്കിൽ അതിനു് കഴിവുള്ളവർ ചെയ്യും, അല്ലാത്തവർ സന്നദ്ധരായി പുറപ്പെടുകയുമില്ല. അധഃകൃതരെ ഉയർത്തുവാൻ താല്പര്യമുള്ള ഗ

LIBRARY ARCHIVES Kerala Legislative Assembly

വമ്മെണ്ടു് മറ്റൊരു തരത്തിൽ സർവ്വപ്രധാനമായ ഈ വിഷയത്തിൽ, അധഃകൃതരിൽ ഉൽകൃഷ്ടമായ സാമുദായിക ബോധം വളത്തുവാൻ വേണ്ടി പര്യാപ്തമായ ഈ വിഷയത്തിൽ, ഏറ്റവും ക്ലേശമായ ഒരു സംഖ്യ ചിലവു ചെയ്യാൻ മടിക്കുന്നുവെങ്കിൽ അതു് വലിയൊരു സാഹസമായിരിക്കും. ഞാൻ ഇതിനെ ചിൻതാങ്ങുന്നു.

മിസ്റ്റർ എം. കെ. രാമൻ.—ഈ നിശ്ചയത്തെ സംബന്ധിച്ചു് ഗവമ്മെണ്ടിൽ നിന്നും പറഞ്ഞിട്ടുള്ള മറുപടി അശേഷം തൃപ്തികരമാണെന്നു് എനിയ്ക്കു തോന്നുന്നില്ല. ഗവമ്മെണ്ടു പറഞ്ഞ മറുപടിയുടെ ചുരുക്കം ആലോചിച്ചാൽ അധഃകൃതരുടെ ഉന്നമനത്തിനു വേണ്ടി ഒരു ഡിപ്പാർട്ടുമെണ്ടു് ഏർപ്പെടുത്തി അതിൽ ഒരു സംരക്ഷകനേയും, ഒരു ലേബർ ഇൻസ്പെക്ടരേയും, ഒരു കൊമാപ്പറേറീവു് ഇൻസ്പെക്ടരേയും ഇപ്പോൾ വച്ചിട്ടുള്ളതുകൊണ്ടു് ഇനിയും പുതുതായി ഒരാളെ കൂടി വയ്ക്കണമെന്നുദ്ദേശിയ്ക്കുന്നില്ല എന്നാണു്. എന്നാൽ ഈ ഡിപ്പാർട്ടുമെൻറും അതോടു ചേർന്നുള്ള മാറ്റുദ്യോഗസ്ഥന്മാരുമെല്ലാമുള്ളതുകൊണ്ടു് ഈപ്രമേയത്തിൻറെ ഉദ്ദേശംഫലത്തിൽ വരുത്തുവാൻ കഴിയുമോ എന്നുള്ളതിനെ പറ്റിയാണു് നമുക്കാലോചിയ്ക്കാനുള്ളതു്. അതായതു് അധഃകൃത സമുദായത്തിനുള്ള അവശതകളെ പരിഹരിയ്ക്കുന്നതിനു വേണ്ടി പ്രചരണവേലകളും മറ്റും നടത്തുന്നതിനു് ഇപ്പോൾചെയ്തിട്ടുള്ള ഡിപ്പാർട്ടുമെണ്ടു് ഏർപ്പാടുകൾ കൊണ്ടു് സാധിയ്ക്കുന്നതാണോ എന്നാണു് നോക്കേണ്ടതു്.

കുറെമുമ്പു് എറണാകുളത്തുവെച്ചുതന്നെ അധഃകൃതസമ്മേളനങ്ങൾ നടത്തുന്നരീതി എങ്ങിനെയാണെന്നു് ഞാൻ കാണുകയുണ്ടായി. എന്നാൽ വാസ്തവത്തിൽ അതെല്ലാം ഒരു ഭാവനയ്ക്കു വേണ്ടി നടത്തുന്നവയും, മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്തുവാൻ വേണ്ടി ചെയ്യുന്നവയുമായ സമ്മേളനങ്ങളാണെന്നും, അധഃകൃതർക്കു് അവ കൊണ്ടു യാതൊരു പ്രയോജനവും സിദ്ധിയ്ക്കുവാനില്ലെന്നുമാണു് എൻറെ വിശ്വാസം. ഡിപ്പാർട്ടുമെണ്ടിൽ നിന്നു് അന്നു നടത്തിയിരുന്ന സമ്മേളനങ്ങൾ കുറെ കൌതുകാവഹമായിരുന്നു. അന്നുണ്ടായിരുന്ന അധഃകൃതസംരക്ഷകനും, ഉപസംരക്ഷകനും കൂടി അധഃകൃതരെ പല ദിക്കുകളിൽ നിന്നും വിളിച്ചുവരുത്തുകയും അതിൽ ദിവാൻജിയെ അദ്ധ്യക്ഷനാക്കുകയും ചെയ്താണു സഭ നടത്തിയിരുന്നതു്. ആ സമ്മേളനങ്ങളിൽ ഞാനും പൊയ്ക്കൊണ്ടിരുന്നു. അവിടെ സംരക്ഷകൻ അധഃകൃതർക്കു വേണ്ടി ചെയ്യുന്ന പല പ്രവൃത്തികളേയും മറ്റും കുറിച്ചുള്ള പ്രസംഗോപന്യാസങ്ങൾ വായിക്കുകയും അതിനെ അദ്ധ്യക്ഷൻ കൊണ്ടാടുകയും ചെയ്യും. ഉടനെ അദ്ധ്യക്ഷൻ പറയും, 'ഇതിനെല്ലാം, അതായതു് പ്രസംഗകർത്തിക്കെല്ലാം, അവകാശി ഞാനല്ല, സംരക്ഷകനാണു്'. സംരക്ഷകൻ എഴുന്നേറ്റു് എല്ലാം അദ്ധ്യക്ഷൻ അവർകളുടെ കൃപാകടാക്ഷമാ

LIBRARY ARCHIVES Kerala Legislative Assembly

ണെന്നാകും. ഉടനെ എല്ലാവരും കയ്യടി ആയി. ഈ അവകാ
ശിയുടെ തക്കം കുറെ കഴിഞ്ഞേ ശേഷം യോഗം പിരിയും. അധഃ
കൃതരുടെ കായ്മം സംപൂർണ്ണം. ആ സാധുക്കളൊക്കെ ഈ മഹാഭാ
ഗ്യം കണ്ടു രസിച്ചുപോകും. അത്രമാത്രമല്ല ഓരോരുത്തരും അവ
ടെ അരേരെയ്യ് അണയൊ മരണയൊ ഭണ്ഡാരത്തിൽ ഇടുകയും
ചെയ്യും. പോരെ, അധഃകൃതനെ നന്നാക്കിയില്ലെ? ഇങ്ങിനെ ഇ
പ്പോൾ കുറെക്കാലമായി അധഃകൃതർ നന്നാവുന്നുണ്ട്. ഇതാണൊ
നിങ്ങൾ ഇനിയും അധഃകൃതർക്ക് വേണ്ടി ഗുണം ചെയ്യുന്നത്? സഭയു
ണ്ടാക്കാൻ പോകുന്നതും ഇങ്ങിനെ തന്നെയാണൊ? അധഃകൃത സ
മ്മേളനങ്ങൾ നടത്തുന്നതിന് ഇപ്പോഴുള്ള ഏർപ്പാടുകൾ മതിയെ
ന്നു പറഞ്ഞതിന്റെ അർത്ഥം എന്തു്? പരമാർത്ഥത്തിൽ ഇന്നത്തെ
നിലയ്ക്കു് അധഃകൃതർക്ക് എന്തെങ്കിലും ഗുണം കിട്ടുമെന്നുണ്ടെ
ങ്കിൽ അവരുടെ സ്വന്തം സമാജങ്ങൾ ഉണ്ടാകണം. അവ സ്വത
ന്ത്രങ്ങളായിരിക്കണം. അവയെ ശ്രീകരിയ്ക്കുന്നതിനു് ആരംഭ
ത്തിൽ സവർമ്മെണ്ടു അവരെ സഹായിക്കണം. അധഃകൃതോദ്ധാര
ണത്തിനു വേണ്ടിയുള്ള നിർദ്ദേശങ്ങൾ അവരെ പറഞ്ഞു മനസ്സി
ലാക്കി കൊടുക്കുന്നതിനു് ശേഷിയുള്ളവരായ ആളുകളെ അവരു
ടെയിടയിൽ നിന്നു തന്നെ തിരഞ്ഞെടുത്തു് ഓരോ സ്ഥ
ലത്തും അയച്ചു് മീറ്റിംഗുകൾ വിളിച്ചുകൂട്ടുന്നതിനും അതു വഴി
ആത്മാഭിമാനബോധവും സാമുദായികബോധവും അവരുടെ
ഇടയിൽ വളർത്തുന്നതിനും ഉള്ള ഏർപ്പാടുകൾ ചെയ്തു കൊ
ടുക്കണമെന്നാണു് ഈ പ്രമേയം. അതു് ഏറ്റവും പ്രധാനമായ
ഒന്നാണു്. ഇപ്രകാരം ഒരു പ്രമേയം തന്നെ സവർമ്മെണ്ടിന്റെ ദൃ
ഷ്ടിയിൽ കൊണ്ടുവന്നിട്ടുള്ളതു കൊണ്ടു് അവരുടെ ഇടയിലുള്ള
സാമുദായിക ഉണർച്ച വെളിപ്പെടുന്നു. അവർക്കു വേണ്ടി ഇപ്പോ
ൾ അധഃകൃത ഡിപ്രാർട്ട്മെണ്ടും, ലേബർ ഇൻസ്പെക്ടരെയും മറ്റും
വച്ചിട്ടുണ്ടെങ്കിലും അതുകൊണ്ടു പറയത്തക്ക ഗുണങ്ങളൊന്നും അ
വർക്കു കിട്ടുന്നില്ലെന്നു മാത്രമല്ല, അധികം ദോഷമാണുള്ളതെന്നാ
ണു് അധഃകൃത പ്രതിനിധി ഇവിടെ പറഞ്ഞിട്ടുള്ളതു്. അധഃകൃ
തർ ധാരാളം താമസിയ്ക്കുന്ന സ്ഥലങ്ങളിൽ പോയി സമാജങ്ങൾ
വിളിച്ചു കൂട്ടി പ്രസംഗങ്ങളും മറ്റും നടത്തുന്ന പക്ഷം അവരുടെ
ഉന്നമന വിഷയത്തിൽ നേരിട്ടുകൊണ്ടിരിയ്ക്കുന്ന വിഷമതകളെ
കണ്ടുപിടിച്ചു് അവയെ സവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവരു
വാനും അതിനാവശ്യമുള്ള പരിഹാരങ്ങൾ ഉണ്ടാക്കുവാനും അവ
ർക്കു് കഴിയുന്നതാണു്. അധഃകൃത ഡിപ്രാർട്ട്മെണ്ടിൽ നിന്നും സഭ
കൾ വിളിച്ചുകൂട്ടിക്കൊള്ളണമെന്നു പറഞ്ഞാൽ സംരക്ഷകനും ഉപ
സംരക്ഷകനും കൂടി ഞാൻ മുമ്പു പറഞ്ഞതു പോലെ പ്രശംസിച്ചു
പിരിഞ്ഞുപോകുകയല്ലാതെ അതുകൊണ്ടു് യാതൊരു പ്രയോജന
വും അധഃകൃതർക്കുണ്ടാകുവാനിടയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഈ പ്രമേയത്തിൽ കാണുന്ന തത്വം മറൊന്നുമല്ല. എല്ലാ സമുദായക്കാർക്കും ആത്മാഭിമാനത്തോടും സാമൂഹ്യബോധത്തോടും കൂടി ജീവിയ്ക്കണമെന്നാഗ്രഹമുള്ളതായി പ്രത്യക്ഷത്തിൽ ആർക്കും ഇപ്പോൾ കാണാവുന്നതാണ്. ഇന്ന് മറെല്ലാ സമുദായങ്ങൾക്കും ഓരോ സാമുദായികസ്ഥാപനങ്ങൾ ഉണ്ടായിക്കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് അവർക്ക് പലേ പ്രയോജനങ്ങളും സിദ്ധിയ്ക്കുന്നുമുണ്ട്. അതുപോലെ തന്നെ അധഃകൃതരുടെയിടയിലും സാമൂഹ്യബോധം വളർത്തുന്നതിനു വേണ്ടിയുള്ള ഒരു സ്ഥാപനം ഉണ്ടാക്കേണ്ടതാണ്. അതിലേയ്ക്ക് അവരുടെ കൂട്ടത്തിൽ നിന്നും കുറച്ചെങ്കിലും അറിവും പരിചയവുമുള്ള ആളുകളെ നാനാഭാഗത്തിലും അയച്ച് അവർ അവിടവിടെയായി അധഃകൃതരുടെ മീറ്റിംഗുകൾ വിളിച്ചുകൂട്ടി ഉപദേശിയ്ക്കുന്നതിനും സൌകര്യമായുള്ള സ്ഥാപനങ്ങൾ ഉണ്ടാക്കി കൊടുക്കുകയാണ് വേണ്ടത്. ആ സംഘടനകൾ കൊണ്ട് അവർക്ക് വളരെ ഗുണമുണ്ടാകും. എന്നാൽ ആ ജോലി അധഃകൃതസംരക്ഷകനിൽ തന്നെ ചുമത്തുകയാണെങ്കിൽ അത് ആശാസ്യമായിരിയ്ക്കുമെന്നു തോന്നുന്നില്ല. അധഃകൃതസംരക്ഷകനെ എപ്പോഴും പ്രശംസിക്കാനുള്ള സഭയല്ല വേണ്ടത്, അവരുടെ ആവശ്യങ്ങൾക്ക് വേണ്ട സഭയാണ് വേണ്ടത്. അവരിലും സാമുദായികമായുള്ള ഉണർവ്വുണ്ടായിരിയ്ക്കേണ്ടത് ഈകാലസ്ഥിതിക്ക് അത്യാവശ്യമായിട്ടുള്ളതാണ്. അതിലേയ്ക്ക് വേണ്ടി ഇറങ്ങി പ്രവൃത്തിയ്ക്കുവാൻ സന്നദ്ധതയുള്ളവർ അവരുടെയിടയിലുണ്ടെങ്കിലും പണം ചിലവു ചെയ്യാനുള്ള ശക്തി അവർക്കില്ല. ഒരു മീറ്റിംഗ് വിളിച്ചുകൂട്ടണമെങ്കിൽ നോട്ടീസ്സടിയ്ക്കണം, പന്തൽ ഇടണം, പായ, ബെഞ്ച്, കസേര മുതലായവ കൊണ്ടിട്ടു തയ്യാർ ചെയ്യണം. ഇതിനെല്ലാം കുറെ പണച്ചിലവുണ്ട്. കൂടാതെ പല ദിക്കുകളിലും സഞ്ചരിയ്ക്കുന്നതിനുള്ള സഞ്ചാര ചിലവും ആവശ്യമുണ്ട്. ഇതെല്ലാം അവർക്ക് കയ്യിൽ നിന്നും ചിലവാക്കുന്നതിനുള്ള ധനശക്തിയില്ല. അവർക്ക് ഇപ്പോൾ പുലയമഹാജനസഭ എന്നൊരു സ്ഥാപനമുണ്ടെന്നു തോന്നുന്നു. അതിനെ കുറച്ചുകൂടി വ്യാപ്തിപ്പെടുത്തുകയും, കൂടുതൽ അംഗങ്ങളെ ചേർക്കുകയും ചെയ്ത് വേല ചെയ്യുന്നതിന്ന് ഒരു വലിയ അലവൻസ്സ് അവർക്ക് അനുവദിച്ചുകൊടുത്താൽ അവരുടെ ആളുകൾക്ക് പല ദിക്കിലും സഞ്ചരിച്ച് സാമുദായികമായ കാര്യങ്ങൾ അധഃകൃതരെ പറഞ്ഞു മനസ്സിലാക്കുന്നതിനും യോഗങ്ങൾ വിളിച്ചുകൂട്ടി അവരെ നന്നാക്കുന്നതിനും ഉള്ള സൌകര്യം ലഭിയ്ക്കുന്നതാണ്. ഇങ്ങനെ സംഘടന ഉണ്ടാക്കിയാൽ അവരെ സംബന്ധിച്ച കാര്യങ്ങളിൽ ഗവർമ്മെണ്ടിന്റെയും അധഃകൃതഡിപ്പാർട്ടുമെണ്ടിന്റെയും പ്രവൃത്തിയുടെ ഗുണദോഷം കൂടി അവർ ചിലപ്പോൾ പറയുമായിരിക്കാം. ആ സംഘടന അധഃകൃ

LIBRARY ARCHIVES Kerala Legislative Assembly

ത ഡിപ്പാർട്ട്മെണ്ട് ഉണ്ടാക്കണമെന്നു പറഞ്ഞാൽ യാതൊരു അർത്ഥവുമില്ല.

അതിനാൽ അവരുടെയിടയിൽ ആത്മീകമായും സാമുദായികമായുമുള്ള സൗകര്യങ്ങളെയും ഉണർത്തുവാൻ പര്യാപ്തമായ ഈ സംഗതിയിൽ ഗവർമ്മെണ്ടു വേണ്ടതു ചെയ്തുകൊടുത്തു സഹായിയ്ക്കേണ്ടതാണെന്നുള്ള അപേക്ഷയോടു കൂടി ഞാൻ ഈ പ്രമേയത്തെ ബലമായി അനുകൂലിയ്ക്കുന്നു

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ ഭേദഗതിയോടുകൂടി ഞാനും യോജിയ്ക്കുന്നു. അധഃകൃതരുടെ അവശതകളെ പരിഹരിയ്ക്കണമെന്നു് അപേക്ഷിയ്ക്കുവാൻ വേണ്ടിയാണു് ഞാൻ ഈ റസല്യൂഷൻ കൊണ്ടുവന്നിട്ടുള്ളതു്. ഇതിനെ സംബന്ധിച്ചു് ഗവർമ്മെൻറു് സംരക്ഷണ ഡിപ്പാർട്ട്മെൻറുള്ള സ്ഥിതിയ്ക്കു് ഇങ്ങനെ ഒന്നു് ഇപ്പോൾ ആവശ്യമില്ലാത്തതാണെന്നു മറുപടി പറഞ്ഞതിൽ ഞാൻ വളരെ വ്യസനിയ്ക്കുന്നു. പരമാർത്ഥത്തിൽ സംരക്ഷണ ഡിപ്പാർട്ട്മെൻറിനെകുറിച്ചു പറയുകയാണെങ്കിൽ വളരെ പറയുവാനുണ്ടു്. എത്രയോ ചെറിയ ചെറിയ ഉദ്യോഗങ്ങളുള്ളതു് ന്യായമായി ഞങ്ങൾക്കു കിട്ടേണ്ടതിനെ ആ ഡിപ്പാർട്ട്മെൻറിൽനിന്നും അന്യന്മാക്കായി കൊടുത്തിട്ടുണ്ടു്. ഈ ഡിപ്പാർട്ട്മെൻറു കൊണ്ടു് വാസ്തവത്തിൽ ഞങ്ങൾക്കു പലവിധ ഉപദ്രവങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്നുവെന്നല്ലാതെ യാതൊരു പ്രയോജനവും ഇല്ല എന്നുള്ളതിനു് എത്ര തെളിവു വേണമെങ്കിലും തരാം. ഇതൊക്കെ ഗവർമ്മെൻറു അറിഞ്ഞിരുന്നിട്ടും അതിനുവേണ്ടി യാതൊന്നും ചെയ്യുന്നില്ല. അധഃകൃതർക്കു കൊടുക്കാവുന്ന കുറെ ഉദ്യോഗങ്ങൾ ഇപ്പോൾ ഗവർമ്മെൻറിൽനിന്നും അന്യന്മാർക്കു തന്നെ കൊടുക്കാതെ അധഃകൃതർക്കുകൂടി കൊടുത്താൽ അതിലേക്കുവേണ്ടി അനുവദിക്കുന്ന പണം അവരുംകൂടി അനുഭവിക്കുന്നതാകുന്നു. എന്നാൽ ഞാൻ പറയുന്നതു തന്നിഷ്ടമാണെന്നു പറഞ്ഞേക്കാം.

കോളനികളിലെക്കു ഗവർമ്മെൻറിൽനിന്നും കൊടുക്കുന്ന പണം അവരുടെ ശുചീകരണത്തിനും മറ്റുമായിട്ടാണു്. അവർക്കു് അതിനു കുറെ കാരവും സോപ്പും ഒക്കെ കൊടുക്കുന്നുമുണ്ടു്. ആ കാരവും സോപ്പും കൊടുക്കുന്ന സമ്പ്രദായം നിർത്തിക്കളഞ്ഞാൽ പിന്നെയും അവർ പഴയ സ്ഥിതിയിൽ തന്നെ വന്നു ചേരും. എൻറെ അഭിപ്രായത്തിൽ, അവരുടെ ഇടയിൽ ശരിയായ ആത്മീകബോധവും സാമുദായികബോധവും ഒക്കെ വന്നുകഴിഞ്ഞാൽ പിന്നെ, ഈ സോപ്പും കാരവും ഒന്നും കൊടുക്കേണ്ട ആവശ്യമില്ല. അവർ ഇപ്പോൾ അനവധി അനാചാരങ്ങളും അന്ധവിശ്വാസങ്ങളും മൂലം ഏറ്റവും മൃഗീയമായ തരത്തിലാണു് ജീവിതം നയിച്ചുപോരുന്നതു്. ഈ വാസ്തവാവസ്ഥ അവരുടെ ഇടയിൽ നല്ലപോലെ പെരുമാറുന്ന ഞങ്ങൾക്കു മാത്രമെ അറിവാൻ സാധിക്കയുള്ളൂ. ചുരുക്കിപ്പറഞ്ഞാൽ അവരുടെ ജീവിതം തന്നെ ഏറ്റവും നികൃഷ്ടമായ ഒരു നിലയിലുള്ളതാ

LIBRARY ARCHIVES Kerala Legislative Assembly

ണ്. ശിശുക്കളിൽതന്നെ അനവധി എണ്ണം നശിച്ചുപോകാണ് ഒന്നോ രണ്ടോ ഉണ്ടാകുന്നതു്. സാംക്രമികരോഗങ്ങൾ അവരുടെ ഇടയിൽ ധാരാളം നടപ്പുണ്ടു്. അതിനെ പരിഹരിപ്പാൻ പ്രധാനമായി അവരുടെ ഇടയിൽ ഒരു പരിഷ്കാരം വരണം. അതിനു വേണ്ടി പല സ്ഥലങ്ങളിലും മീറ്റിംഗു വിളിച്ചുകൂട്ടി പ്രചരണ വേലചെയ്യുവാൻ ആവശ്യമുള്ള സഹായങ്ങളെല്ലാം ചെയ്യേണ്ടതു താവശ്യമാണു്. ഈ കാര്യത്തെപ്പറ്റി പറഞ്ഞപ്പോൾ ശവമ്മെണ്ടു ഇതു സ്വീകരിക്കയില്ല. മറ്റൊരു തരത്തിലെ ഇതു ചെയ്യുള്ളു എന്നു പറഞ്ഞതു വളരെ സങ്കടമായിട്ടുള്ളതാണെന്നു വേണം പറയുവാൻ. ഏതായാലും ശവമ്മെണ്ടു ഇതു സ്വീകരിക്കാത്തതുകൊണ്ടു് ഞാൻ ഇതിനെ പ്രസ്സു ചെയ്യാൻ തന്നെ തീരുമാനിക്കുന്നു

Amendment put and carried.

Resolution, as amended, put and carried.

Mr. Joseph Pettah.—A poll, Sir.

The House divided—Ayes 20 and Noes 11.

	Ayes.		*Noes.*
1	Mr K Ayyappan	1	Mr. K Achyuta Menon
2	,, M A Chakko	2	,, M P Cherian
3	,, A Eachara Menon	3	,, U Kandar Menon
4	,, K A Ibrahim	4	,, C J Mathew
5	,, E Ikkanda Warriar	5	,, M D Narayana Ayyar
6	,, Joseph Pattah	6	,, T Narayana Menon
7	,, P S Kesavam Nambudiri	7	,, P Nilakanta Menon
8	,, M Krishna Menon	8	Dr. D Raghavandra Rao
9	,, P Krishna Menon	9	Rama Varmha Tampuran
10	,, T K Nayar	10	Mr. P V Raphael
11	,, A I Mani	11	,, P V Subramania Ayyar
12	,, T A Ramachandra Ayyar		
13	,, M K Raman		
14	,, P Raman Menon		
15	Dr. A R Menon		
16	,, K Sankara Menon		
17	Mr. A Sankara Menon		
18	,, A Sankara Poduval		
19	Mrs. Swaris		
20	Mr. K P Vallon		

Mr. A. Eachara Menon.—I find the Government have been pleased to grant franchise subsequently. So I do not move the resolutton.

Hence the following resolution was considered withdrawn.

Mr. A. Eachara Menon.—*That this Council recommends to the Government that in rule 5 of the Cochin Village Panchayat rules issued by the Government on 19th Karkadagam 1107, "1 anna" may be substituted for "Re. 1".*

LIBRARY ARCHIVES Kerala Legislative Assembly